# MATHRUBHUMI - 06-02-2025




ചെമ്മീന്റെ മൂല്യനിർണയവുമായി ബന്ധപ്പെട്ട് സിഫ്റ്റിൽ നടന്ന പരിശീലന പരിപാടി സീഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ സെക്രട്ടറി ജനറൽ. ഡോ. കെ.എൻ. രാഘവൻ ഉദ്ഘാടനം ചെയ്യുന്നു

## ചെമ്മീന്റെ മൂല്യനിർണയം: സിഫ്റ്റിൽ പരിശീലന പരിപാടി

**മട്ടാഞ്ചേരി** ▶ കേന്ദ്ര മത്സ്യ സാങ്കേതിക-ഗവേഷണ സ്ഥാപനമായ സിഫ്റ്റിൽ ചെമ്മീന്റെ മൂല്യനിർണയവുമായി ബന്ധപ്പെട്ട പരിശീലന പരിപാടി തുടങ്ങി.

ഫുഡ് ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷൻ പ്രോട്ടക്കോളം അനുസരിച്ച് ചെമ്മീനിന്റെ ഗുണനിലവാരവും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിനുള്ള ഇന്ദ്രിയാധിഷ്ഠിത മൂല്യനിർണയത്തിന്, സീഫുഡ് സംസ്കരണ വ്യവസായ പ്രൊഫഷണലുകളെ സജ്ജരാക്കുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം.

പരിശീലനത്തിന്റെ ഉദ്ഘാടനം സീഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ സെക്രട്ടറി ജനറൽ ഡോ. കെ.എൻ. രാഘവൻ നിർവഹിച്ചു. സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

സിഫ്റ്റിലെ ക്വാളിറ്റി അഷ്വറൻസ് ആൻഡ് മാനേജ്മെന്റ് വിഭാഗം മേധാവി ഡോ. എ.എ. സൈനുദ്ദീൻ, ശാസ്ത്രജ്ഞരായ ഡോ. എസ്.ജെ. ലാലി, ഡോ. ഇ.ആർ. പ്രിയ തുടങ്ങിയവർ സംസാരിച്ചു.

ഇന്ത്യയിലെ വിവിധ സമുദ്രോത്പന്ന കയറ്റുമതി യൂണിറ്റുകളിൽ നിന്നുള്ള 11 പേർ പരിശീലനത്തിൽ പങ്കെടുക്കുന്നുണ്ട്.